(ബി) ഹോസ്ദുർഗ്ഗ് താലൂക്കിൽ പണം നൽകാനുണ്ടായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് താലൂക്കിലെ 213 ഗുണഭോക്താക്കൾക്ക് 43,56,476 രൂപയും ഹോസ്ദുർഗ്ഗ് താലൂക്കിലെ 213 പേർക്ക് 63,37,797 രൂപയും മഞ്ചേശ്വരം താലൂക്കിലെ 309 പേർക്ക് 33,89,000 രൂപയും വെള്ളരിക്കുണ്ട് താലൂക്കിലെ 74 പേർക്ക് 9,60,000 രൂപയും വിതരണം ചെയ്യാനുണ്ട്.

(ബി) ഹോസ്ദുർഗ്ഗ് താലൂക്കിൽ ധനസഹായം വിതരണം ചെയ്യുന്നതിനുണ്ടായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിരുന്നു. ആയത് പരിഹരിക്കുന്നതിലേക്കായി ജില്ലാ കളക്ടർ ബന്ധപ്പെട്ട താലൂക്ക് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുകയും ഇതിൻപ്രകാരം താലൂക്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുകയും ധനസഹായ വിതരണം ത്വരിതപ്പെടുത്തുകയും സിംഹഭാഗം ധനസഹായവും ഇതിനോടകം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ സഹായധനം

58 (4392) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായധനം അനുവദിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും അപേക്ഷകർക്ക് തുക ലഭിക്കാൻ വൈകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ അനുകൂല നടപടികൾ ഉണ്ടാകുമോ ?

ഉത്തരം

(എ&ബി) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേരെടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly